(ബി) എങ്കിൽ ഈ പ്രദേശത്തെ വെള്ളപ്പൊക്കത്തിൽ നിന്നും സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രളയബാധിത പ്രദേശത്തെ ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനും, അവർക്ക് ഭക്ഷ്യധാന്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിനും വേണ്ട സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട്.

തിരുവല്ലം, പുഞ്ചക്കരി പാടശേഖരം നികത്തുന്ന നടപടി

10 (2766) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് തിരുവല്ലം പുഞ്ചക്കരി പാടശേഖരം വ്യാപകമായി നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ തിരുവനന്തപുരത്തെ ശുദ്ധജല തടാകമായ വെള്ളായണിക്കായലിന്റെ നിത്യനാശത്തിനിടയാക്കുന്ന ഈ നടപടി നിയന്ത്രിക്കാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(ബി) പുഞ്ചക്കരി, മാങ്കിളിക്കരി പ്രദേശത്ത് വ്യാപകമാകുന്ന മണൽവാരൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആഴക്കയങ്ങൾ സൃഷ്ടിച്ചുള്ള മണൽവാരൽ ഓരുവെള്ളക്കയറ്റം, കൃഷിനാശം, കുടിവെള്ള ദൗർലഭ്യം എന്നിവ സൃഷ്ടിക്കുമെന്നതിനാൽ ഇത് തടയുവാൻ സത്വര നടപടി സ്വീകരിക്കുമോ ;

(സി) തിരുവല്ലം പ്രദേശത്തെ കുന്നുകൾ പരിസ്ഥിതി നാശത്തിനിടയാകും വിധം വ്യാപകമായി ഇടിച്ചു മണ്ണുകച്ചവടം ചെയ്യുന്ന പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അനിയന്ത്രിതമായി തുടരുന്ന ഈ പ്രവർത്തനം ഉണ്ടാക്കുന്ന പരിസ്ഥിതി പ്രത്യാഘാതം വിലയിരുത്താനും കർശന നിയന്ത്രണം ഏർപ്പെടുത്താനും എന്തെങ്കിലും നടപടി ഉദ്ദേശിക്കുന്നുണ്ടോ എന്ന് കൂടി വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

"അനിയന്ത്രിത മണൽവാരൽ തടയാൻ നടപടി"

11 (2767) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനിയന്ത്രിത മണൽവാരൽ നിമിത്തം നദികളുടെ വിസ്തൃതി കുറയുന്നതും താമസസ്ഥലങ്ങൾ കാലവർഷവും കടൽ വേലിയേറ്റവും മുഖാന്തിരം നഷ്ടപ്പെടുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ സംസ്ഥാനത്തെവിടെയെല്ലാം ഇത്തരം നാശനഷ്ടങ്ങൾ നദി തീരദേശവാസികൾക്കുണ്ടാകുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) നെയ്യാർ കടലിലെത്തിച്ചേരുന്ന പൂവ്വാർ, പൊഴിയൂർ മേഖലകളിൽ ജെ.സി.ബി. ഉപയോഗിച്ച് കരയിടിച്ച് മണൽവാരൽ നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിൽ കരപ്രദേശത്തെ മണൽ ലോറികൾ വിലയ്ക്ക് വാങ്ങി പുറംമണ്ണ് മാറ്റിയിട്ട് മണൽ ഖനനം നടത്തുന്നത് സംസ്ഥാനത്ത് പൂവ്വാർ മുതൽ കാസർഗോഡ് വരെ ഏതെല്ലാം പ്രദേശങ്ങളിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തുടനീളം കരപ്രദേശങ്ങൾ കുഴിച്ച് മണൽഖനനം നടത്തുന്നതിനാൽ കാർഷിക വിള നാശവും കർഷകർക്ക് കൃഷി ചെയ്യാനുള്ള അവസരം നിഷേധിക്കലും തൊഴിൽ നഷ്ടപ്പെടുന്നതും സംഭവിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇതിൽ നിന്നും കർഷകരെ രക്ഷിക്കാൻ ഈ പ്രദേശങ്ങളിലെ താമസക്കാർക്ക് ജീവനും സ്വത്തിനും സംരക്ഷണം നൽകുവാനും എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ജി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(എച്ച്) ഇത് സംബന്ധിച്ച് സർക്കാരിന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുന്നതോടൊപ്പം എന്ത് നടപടികൾ ഈ പരാതികളിൻ പ്രകാരം സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനിയന്ത്രിത മണൽവാരൽ നിമിത്തം നദിക്കും പരിസ്ഥിതിക്കും ദോഷം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൃത്യമായി എവിടെയെല്ലാമാണെന്ന് കണക്കെടുത്തിട്ടില്ല. അനിയന്ത്രിത മണൽവാരൽമൂലം തീരദേശവാസികൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ചതായ പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിനെതിരെ കർശന നടപടിയെടുക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പൂവാർ, പൊഴിയൂർ മേഖലകളിലെ അനധികൃത മണൽവാരൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ഇതിനെതിരെ നടപടി സ്വീകരിക്കാൻ തിരുവനന്തപുരം ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ പ്രദേശത്ത് കൂടുതൽ പോലീസിനെ നിയോഗിക്കാൻ ആഭ്യന്തര വകുപ്പിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) അനധികൃത മണൽവാരൽ സംസ്ഥാനത്ത് പല സ്ഥലങ്ങളിലും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മണൽവാരൽ നിയന്ത്രണ ചട്ടങ്ങളുടെയും, നിയമത്തിന്റെയും അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുവാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കര ഭൂമിയിലെ മണൽഖനനം റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടതല്ല.

(എഫ്) ബാധകമല്ല.

(ജി&എച്ച്) ബാധകമല്ല.

അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മണലിന് നിയന്ത്രണവും നികുതിയും ഏർപ്പെടുത്താൻ നടപടി

12 (2768) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെയിൽസ് ടാക്സ് ചെക്ക്പോസ്റ്റുകളിൽ അന്യസംസ്ഥാനത്ത് നിന്നും വരുന്ന മണലിന് നികുതി പിരിക്കുന്നതുവഴി എത്ര രൂപയുടെ വരവ് റവന്യൂ വകുപ്പിന് ബന്ധപ്പെട്ട അധികാരികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) റവന്യൂ വകുപ്പ് നിയന്ത്രണമോ നികുതിയോ സെസ്സോ ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ ചെക്ക്പോസ്റ്റുകളിൽ മണലിന് എന്ത് തുകയുടെ ഏതു തരം നികുതിയാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; സർക്കാർ നിർദ്ദേശങ്ങളില്ലാത്ത ഇത്തരം പിരിവ് നിർത്തലാക്കാൻ റവന്യൂ വകുപ്പ് അടിയന്തിര നിർദ്ദേശം നൽകുമോ ;

(സി) എല്ലാ സെയിൽടാക്സ് ചെക്ക്പോസ്റ്റുകളിലും മണൽപാസ് പരിശോധിക്കാൻ ഒരു റവന്യൂ ഉദ്യോഗസ്ഥനെ നിയോഗിക്കാനും ഇതുവഴി സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാരുടെ പിരിവ് നിർത്തി ഖജനാവിന് മുതൽക്കൂട്ടുണ്ടാക്കാനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) ചെക്ക്പോസ്റ്റുകൾ റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിലല്ലാത്തതിനാൽ ഈ നിർദ്ദേശം പരിഗണിക്കാൻ റവന്യൂ വകുപ്പിന് ബുദ്ധിമുട്ടുണ്ട്.

(സി) നിർദ്ദേശം തൽക്കാലം റവന്യൂ വകുപ്പിന്റെ പരിഗണനയിലില്ല.

റവന്യൂ വകുപ്പിലെ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിന് നടപടി

13 (2769) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന് കീഴിലുള്ള ആഫീസുകളും കളക്ടറേറ്റുകളും കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും ഇന്റർനെറ്റ് വഴി പരസ്പരം ബന്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly